മുഖാന്തിരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പരിശീലനം ലഭിച്ച കർഷകർ ഉല്പാദിപ്പിക്കുന്ന തേൻ ഹോർട്ടികോർപ്പ് സംഭരിച്ച്, സംസ്കരിച്ച് 'അമൃതഹണി' എന്ന ലേബലിൽ ബോട്ടിലുകളിലാക്കി വിപണനം നടത്തിവരുന്നു. കൂടാതെ തേനും തേനധിഷ്ഠിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഹണി കോളയുടെ വിപണനവും ഹോർട്ടികോർപ്പ് നടത്തിവരുന്നുണ്ട്. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും, തേനിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും തേനിന്റെ ഔഷധഗുണങ്ങളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി സെമിനാറുകൾ, ശില്പശാലകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിനെല്ലാം പുറമെ, തേനിന്റെ ഗുണനിലവാരം നിലനിർത്തിയുള്ള ഉല്പാദന വർദ്ധനവും, കേരള കാർഷിക സർവ്വകലാശാലയുടെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രം ഉരുത്തിരിഞ്ഞെടുത്ത ചെറുതേനീച്ച വളർത്തൽ, തളിപ്പറമ്പിലുള്ള പൂമംഗലം സ്കൂളിലെ വിദ്യാർത്ഥികൾതന്നെ ആവിഷ്ക്കരിച്ച ചെറുതേനീച്ച വളർത്തൽ ഇവയൊക്കെയുമുണ്ട്. തേനീച്ച വളർത്തലിൽ സാങ്കേതികവിദ്യ കർഷകർക്ക് കൈമാറി വാണിജ്യാടിസ്ഥാനത്തിൽ ചെറുതേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ, പ്രസ്തുത 'ഹണിമിഷൻ' നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

9. കാര്യങ്കോട് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിലെ ജനങ്ങളുടെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രോജക്ടാണ് കാര്യങ്കോട് - തേജസ്വിനി പുഴയിൽ പാലായി വളവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുകയെന്നത്. അത് കാസർഗോഡ് ജില്ലയ്ക്ക് മാത്രമേയുള്ളൂ. കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമി, സി.ആർ.പി.എഫ്. ക്യാമ്പ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഇപ്പോൾ വെള്ളം കൊണ്ടുപോകുന്നത് ഈ പുഴയിൽ നിന്നാണ്. പക്ഷെ, ഫെബ്രുവരി-മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പുഴ വറ്റിയാൽ അവിടെ വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഇതിനെല്ലാം ഉപയുക്തമാകുന്ന ഒരു വലിയ പ്രോജക്ടാണ് പാലായിയിലെ റഗുലേറ്റർ-കം-ബ്രിഡ്ജ്. 8-10 വർഷങ്ങളായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകൊല്ലം 51 കോടി രൂപയായിരുന്നത് ഇപ്പോൾ 58 കോടി രൂപയായി. അതിന്റെ ഡി.പി.ആർ.-ഉം എസ്റ്റിമേറ്റുമെല്ലാം തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. ഇതിന് എംപവേർഡ് കമ്മിറ്റി അടിയന്തരമായും അംഗീകാരം കൊടുത്ത് ഈ പ്രോജക്ട് പ്രാവർത്തികമാക്കണം എന്നാണ് എന്റെ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ടതാണ്. വെസ്റ്റ് എളേരി പഞ്ചായത്തിലും, ഈസ്റ്റ് എളേരി പഞ്ചായത്തിലും ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉദ്ഘാടനം ചെയ്തതും തറക്കല്ലിട്ടതുമായ ഒന്ന്-രണ്ട് പദ്ധതികളുണ്ട്. പക്ഷെ, അവർക്കൊന്നും വെള്ളം ലഭിക്കാൻ പോകുന്നില്ല. 14 കോടി രൂപ ചെലവഴിച്ച വെസ്റ്റ് എളേരിയിലുള്ള കുടിവെള്ള പദ്ധതി ഇപ്പോൾ വെള്ളം ലഭിക്കാത്തതുകൊണ്ട് പൂട്ടിയിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെല്ലാം വെള്ളം ലഭിക്കണമെങ്കിൽ, ആ പ്രദേശത്തെ ജനങ്ങൾ വെള്ളം കിട്ടാതെ മരിക്കാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയുമെല്ലാം മുൻകയ്യെടുത്ത് ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവ് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഈ പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലുള്ളതാണ്. നീലേശ്വരം മുനിസിപ്പാലിറ്റിയെയും, കല്ലൂർ-ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതിനോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, ഭൂഗർഭ ജലനിരപ്പ് നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയും ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമി, പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പ് തുടങ്ങിയ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിവഴി നീലേശ്വരം മുനിസിപ്പാലിറ്റി കയ്യൂർ-ചീമേനി, ചെറുവത്തൂർ, കരിന്തളം, വെസ്റ്റ് എളേരി, ഈസ്റ്റ് ഏളേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും, കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ നടപ്പിലാക്കിവരുന്ന നിരവധി ജലവിതരണ പദ്ധതികൾക്കും, നീലേശ്വരം-കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾക്കും, പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും വെള്ളം സംഭരിക്കാൻ കഴിയുന്നതുമാണ്. ഈ പദ്ധതിക്ക് 57 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. നബാർഡ് RIDF (XX)-ൽ ഉൾപ്പെടുത്തി അംഗീകാരത്തിന് ഈ വർഷംതന്നെ സമർപ്പിക്കുന്നതാണ്.

10. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നേരിട്ടറിയുന്ന ഒരു വിഷയമാണ്. അദ്ദേഹം കാരുണ്യപൂർവ്വം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ഒരു ദിവസം 1500 മുതൽ 2000 രോഗികൾവരെ ചികിത്സ തേടുന്ന കൊല്ലം ജില്ലയിലെ ഏറ്റവും തിരക്കുള്ള ആശുപത്രിയാണ്. അപകടങ്ങളുടെ നടുവിലാണ് ആ ആശുപത്രി. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് പല സഹായങ്ങളും ചെയ്യുന്നുണ്ട്. കാരുണ്യ ഫാർമസി ആരംഭിക്കുമെന്ന് പറഞ്ഞിട്ട് ഏകദേശം ഒരുവർഷംകഴിഞ്ഞു. അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളെല്ലാം ശരിയായി, കെട്ടിടം പൂർത്തിയായി, എല്ലാ കാര്യങ്ങളുമുണ്ടായി. ഇപ്പോഴും രോഗികളെ സ്വകാര്യ മരുന്നുകച്ചവടക്കാരുടെ അടുത്ത് അയയ്ക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ടോയെന്ന സംശയമുണ്ട്. എന്താണ് ഇതിന് അസൗകര്യം? പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly